## പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രം

188 (3164) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലിക്കോട് കാർഷിക ഗവേഷണകേന്ദ്രം വടക്കേ മലബാറിലെ കാർഷിക യൂണിവേഴ്സിറ്റിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലില്ല

## ക്ഷീരകർഷക ക്ഷേമനിധി

189 (3165) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് വരുമാനം ലഭിക്കുന്ന സ്രോതസ്സുകൾ ഏതൊക്കെയാണ് ; വ്യക്തമാക്കുമോ ;

(ബി) ക്ഷേമനിധി പെൻഷൻ പദ്ധതികൾ വഴി കർഷകർക്ക് കൂടുതൽ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ക്ഷീര കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ലോട്ടറി നടത്തിപ്പുവഴി പണം കണ്ടെത്താൻ പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർ, പ്രാഥമിക ക്ഷീര സംഘങ്ങൾ, മിൽമ, മേഖലാ യൂണിയനുകൾ എന്നിവയിൽനിന്നും ലഭിക്കുന്ന അംശാദായമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ്. ക്ഷേമനിധി അംഗങ്ങളായ ക്ഷീര കർഷകർ പ്രതിമാസം 20 രൂപ, പ്രാഥമിക ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5%, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3%, മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75% എന്നീ നിരക്കിലാണ് ക്ഷേമനിധിയിലേക്ക് അംശാദായം നൽകിവരുന്നത്. ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിന് അംഗത്വ ഫീസായി 100 രൂപ ഓരോ അംഗത്തിൽനിന്നും ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly